# പുത്തൻകലവും അരിവാളും പുതിയ പരിപ്രേക്ഷ്യത്തിൽ

സി.പി. ചിത്രഭാനു

കാലപ്രവാഹത്തിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽവച്ച് താൻ വിചാരണയ്ക്ക് വിധേയനാകുമെന്ന ധാരണ ഏതൊരു കലാകാരനുമുണ്ട്. ജീവിച്ചിരിക്കുന്ന കാലഘട്ടത്തിലെ പ്രശ്നങ്ങളോടും സംഭവങ്ങളോടും പ്രതികരിച്ചത് എപ്രകാരമായിരുന്നു എന്നതായിരിക്കും ആ സന്ദർഭത്തിൽ ഉയർന്നുവരുന്ന മുഖ്യചോദ്യം. ഇത്തരം ഘട്ടങ്ങളിൽ പ്രതിസ്ഥാനത്ത് നിർത്തപ്പെടുന്നവർ അപൂർവമല്ലെങ്കിലും കാലത്തിന്റെ സാക്ഷിയും സാക്ഷ്യവുമാകാനാണ് ഏതൊരു കലാകാരനും ആഗ്രഹിക്കുക. ഇടശ്ശേരി ഗോവിന്ദൻനായരും അപ്രകാരം ചില മുൻകരുതലുകൾ എടുത്തിരുന്നു. ഏറെക്കാലം ന്യായാന്യായങ്ങൾ 'ചേറികൊഴിക്കുന്ന' കോടതി പരിസരങ്ങളിൽ കഴിച്ചുകൂട്ടിയ ഇടശ്ശേരി ആർക്കും പിടികൊടുക്കാത്തവിധമുള്ള ചില കുറുംകൗശലങ്ങൾ തന്റെ സാക്ഷിമൊഴികളിൽ ഒപ്പിച്ചുവച്ചു.

മനുഷ്യപക്ഷത്തു നിലയുറപ്പിച്ച കവിയാണ് ഇടശ്ശേരി. എന്നാൽ ആ പക്ഷപാതം കേവലമോ ആപേക്ഷികമോ എന്ന തർക്കം ഒരൊഴിയാബാധയായി ഇന്നും ഇടശ്ശേരിക്കവിതയെ പിന്തുടരുന്നു. പണിമുടക്കം (1948) പുത്തൻകലവും അരിവാളും (1948) തുടങ്ങിയ കവിതകളിൽ വിപ്ലവപക്ഷത്ത് ഉറച്ചുനിൽക്കുന്ന കവി മിക്കസന്ദർഭങ്ങളിലും സമാധാനപ്രിയനായ ഗാന്ധിയനാണ്. തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ (1956) തുടങ്ങിയ കവിതകളിൽ മാർക്സിയൻ ദർശനത്തിന്റെ പ്രയോഗവൈകല്യങ്ങളെ പരിഹസിക്കുന്ന ഇടശ്ശേരി അപൂർവം അവസരങ്ങളിൽ ആ പ്രത്യയശാസ്ത്രത്തെ തള്ളിപ്പറയുന്നുമുണ്ട്.

കേരളീയ പരിസരത്തിൽ പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തെക്കുറിച്ചുള്ള ഏതൊരു ചർച്ചയും ഇടശ്ശേരിയുടെ കുറ്റിപ്പുറംപാലം (1954) എന്ന കവിതയിൽ നിന്നാണ് ആരംഭിക്കുക. പുഴ സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരുടെ വേദഗീതമാണ് ഈ കവിത. എന്നാൽ, ഭാരതപ്പുഴ വരളാൻ ഇടയായ 'ശാസ്ത്രപുരോഗതിയെയും' മലമ്പുഴ അണക്കെട്ടിനെയും വാഴ്ത്തുന്നതാണ്. 'പഴകിയ ചാലുകൾ മാററുക' (1959) എന്ന കവിത. സംഘടിതയത്നം കൊണ്ട് പ്രകൃതിയെ വരുതിക്കു നിർത്താൻ കഴിയുമെന്ന് ആഹ്വാനം ചെയ്യുന്ന 'കുടംനിറയ്ക്കൂ കൂടെ വരൂ' (1960) എന്ന കവിതയും നവീനശാസ്ത്രബോധത്തിന്റേതാണ്.

ആർഷ സംസ്കൃതിയെ അറിഞ്ഞ് ആദരിക്കുന്ന ഇടശ്ശേരി ഒരു തികഞ്ഞ ആസ്തികനാണെന്ന ധാരണയാണ് ചില കവിതകൾ നൽകുക. 'അഭയംതേടി' (1969) എന്ന കവിത വായിച്ച് ഭക്തന്മാർ സായൂജ്യമടയുമ്പോൾ 'ഭക്തിയാംചൂണ്ടൽ ഒരിക്കൽ വിഴുങ്ങിയ ഭാഗ്യഹീനനില്ല മുക്തി പിന്നെ' (പള്ളിച്ചൂണ്ടൽ–1939) എന്ന വരികൾ വായിച്ച് അവർ തന്നെ ആശങ്കപ്പെടും.

മനോവാക്ക് കർമസാരാംശത്തിൽ തികഞ്ഞ ഗാന്ധിയനായിരുന്ന ഇടശ്ശേരി തന്നെയാണ്, ആ തത്വസംഹിതയ്ക്കടക്കം മാർഗദർശിത്വം നൽകിയ ഗൗതമബുദ്ധന്റെ തത്വശാസ്ത്രത്തിനു നേരെ, നിർമ്മമനായി നിന്ന് "ഇടയുള്ളോർ വാദിപ്പിൻ ലക്ഷ്യവും മാർഗവുമിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ" (ബുദ്ധനും ഞാനും നരിയും 1951) എന്ന് എഴുതിവെച്ചത്. സാക്ഷിമൊഴികളിൽ കാണുന്ന ഈ പൊരുത്തക്കേടുകൾ ഇടശ്ശേരി ബോധപൂർവം സൃഷ്ടിച്ചവയാണോ?

"വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാടുക താൻവരം"
(പൊട്ടിപുറത്ത് ശീവോതി അകത്ത് 1963)

എന്നതായിരിക്കണം ഈ കവിയുടെ വിശ്വാസപ്രമാണം. തത്ത്വശാസ്ത്രങ്ങളുടെ തടവറയിൽ ഒതുങ്ങിക്കൂടാൻ താൻ തയാറല്ലെന്ന് പറയാനാണ് ഇദ്ദേഹം ആഗ്രഹിച്ചത്. ഇക്കാര്യം തുറന്നുപറഞ്ഞ് 'പ്രോക്രട്ടസ്സിന്റെ കട്ടിൽ' എന്ന കവിത എഴുതിയ വയലാറിനെ പക്ഷേ, നാം എവിടെയാണ് അടയാളപ്പെടുത്തിയത്. അതേ വിധി തന്നെ ഇടശ്ശേരിക്കുമുണ്ടായി. വാദിഭാഗം വക്കീലിനും പ്രതിഭാഗം വക്കീലിനും ഒരിക്കലും പൂർണസംതൃപ്തി കൊടുക്കാത്ത ഈ സാക്ഷി ഉള്ളിലൊതുക്കിയ പുഞ്ചിരിയോടെ ആണ് ഏതൊരു വിചാരണയെയും നേരിടുക. ഈ നർമബോധം അദ്ദേഹത്തിന്റെ കാവ്യവ്യക്തിത്വത്തിൽ ആദ്യം ദർശിച്ചത് കുട്ടികൃഷ്ണമാരാരാണ്. (അളകാവലി എന്ന കാവ്യസമാഹാരത്തിനെഴുതിയ അവതാരിക). വില്യം ഹാസിലിറ്റിനെ പോലുള്ള പാശ്ചാത്യഗദ്യകാരന്മാർ രചനയിൽ പ്രയോഗിച്ച 'നിഗൂഢഫലിതം' ഇടശ്ശേരിയിലും നമുക്ക് കണ്ടെത്താൻ കഴിയും.

എന്നാൽ, ഇത്തരം ഫലിതോക്തിക്കൊന്നും കടന്നുവരാൻ അവസരം കൊടുക്കാത്ത തന്റെ പക്ഷപാതം കൃത്യമായും വ്യക്തമാക്കുന്ന ഇടശ്ശേരിയുടെ രചനകളിൽ ഒന്നാണ് 'പുത്തൻകലവും അരിവാളും' (1948).

## II

മണ്ണും മനുഷ്യനും തമ്മിൽ അവിരാമമായി നടക്കുന്ന ഇടപെടലുകളാണ് കാർഷിക സംസ്കൃതിയുടെ ഭൂമിക. മണ്ണിന്റെ ഉടമാവകാശം ഒരു വശത്തും അധ്വാനശേഷി കൈമുതലായിട്ടുള്ളവർ മറുവശത്തും നേർക്കുനേർ നിൽക്കുന്ന കാഴ്ച ഫ്യൂഡൽ ചരിത്രത്തിലെ നിത്യസംഭവമാണ്. കേരളത്തിന്റെ ജാതിജന്മിനാടുവാഴിത്ത കാലഘട്ടത്തിൽ ഈ നേർകാഴ്ചകൾ സമാധാനപരമായിരുന്നില്ലതാനും. ഈ ഘട്ടത്തിൽ താൻ തൊഴിലാളിയോടൊപ്പം നിലകൊള്ളുന്നവനാണെന്ന് നിസ്സംശം പ്രഖ്യാപിച്ച കവികൾ നമുക്ക് ഉണ്ടായിട്ടുണ്ട്. വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കൽ' (1952) എന്ന കാവ്യവും ശങ്കരക്കുറുപ്പിന്റെ പല കവിതകളും ഈ ഗണത്തിൽപെടുന്നവയാണ്. ഇടശ്ശേരിയുടെ തന്നെ 'കുടിയിറക്കൽ' (1952) എന്ന കവിതയും 'കൂട്ടുകൃഷി' (1949) എന്ന നാടകവും ഈ പ്രമേയം കൈകാര്യം ചെയ്യുന്നവയാണ്. എന്നാൽ, ഇടശ്ശേരിയുടെ മേൽസൂചിപ്പിച്ച മൂന്നു രചനകളും ചേർത്തു വായിക്കുമ്പോൾ എഴുത്തുകാരന്റെ സന്ദിഗ്ധതകൾ ചില അവസരങ്ങളിൽ വായനക്കാരനെ കുഴക്കിയേക്കാമെങ്കിലും. ഇടശ്ശേരി നിൽക്കുന്നിടം എവിടെ എന്നു കണ്ടെത്താൻ പ്രയാസമില്ല. ലളിതമായ ആഖ്യാനരീതിയിലാണ് കവി രചന നിർവഹിച്ചിട്ടുള്ളത് എന്നതുകൊണ്ടുതന്നെ ഈ കവിത ജനകീയമായി. ചില വരികൾ വ്യക്തമായ പ്രത്യയശാസ്ത്ര പ്രചാരണം നിർവഹിച്ചതുകൊണ്ട് കൂടുതൽ ജനപ്രിയമായി. ലബ്ധപ്രതിഷ്ഠരായ പല നിരൂപകന്മാരും പ്രശംസാവചനങ്ങൾ ചൊരിഞ്ഞതോടെ സാഹിത്യതറവാടിന്റെ മാന്യസ്ഥാനത്ത് കയറി ഇരിക്കുകയും ചെയ്തു. എന്നാൽ, പറഞ്ഞുകഴിഞ്ഞ അത്തരം കാര്യങ്ങൾ മാറ്റിവച്ച്, ഇടശ്ശേരിയുടെ 'പുത്തൻകലവും അരിവാളും' എന്ന കവിത മനുഷ്യന്റെ വികാസത്തിന്റെയും പരിണാമത്തിന്റെയും ചരിത്രമാകുന്നതെങ്ങനെ എന്നാണ് ഈ ലേഖനത്തിൽ അന്വേഷിക്കുന്നത്.

## III

പുതിയ തലമുറയ്ക്ക് അവിശ്വസനീയമായ വിധത്തിലുള്ള നിയമവിധേയമായ ക്രൂരതകളിലൊന്നാണ്, ക്ഷേത്രത്തിലെ മൃഗബലിക്ക് സമാനമായ വിളജപ്തി എന്ന് വിലയിരുത്തുന്ന ഇടശ്ശേരിക്ക്. പലപ്പോഴും ഇതിന് സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്. ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിൽ നരബലിയും മൃഗബലിയും യാഗഹോമാദികളും വരുത്തിവെച്ച വിനകൾ ഈ കവിയെ വ്യാകുലപ്പെടുത്തിയിട്ടുണ്ട്. ആ ശപ്തകാലത്തെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുന്ന ഇക്കാലത്തും ഇടശ്ശേരിയുടെ 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയും, അതിലെ

"ഋത്വിക്കുകളേ, ചോരപുരണ്ടൊരു
കത്തികൾ പൂഴ്ത്തിടുമുയിരോടെ
നിങ്ങൾ പിൻവാങ്ങിപോംമൂലക-
ളെന്തിരുൾമൂടും ശാലകൾ!" എന്ന വരികളും പുതിയ അർഥത്തിൽ വായിച്ചെടുക്കാൻ നമുക്ക് കഴിയും. യാഗാഗ്നിയുടെ ധൂമപടലങ്ങളിൽപെട്ട് നട്ടംതിരിഞ്ഞ അതേ നിസ്സഹായനായ മനുഷ്യനെ തന്നെയാണ് വിളജപ്തിയുടെ മുന്നിലും നാം കാണുന്നത്. ഈ ഒരഭേദകല്പനയിലൂടെ വ്യാഖ്യാനഭേദത്തിനുള്ള അനന്തസാധ്യതകൾ 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ ഇടശ്ശേരി തുറന്നുവയ്ക്കുന്നു ആധുനിക കാലഘട്ടത്തിൽ അതുതന്നെയാണ് ഏതൊരു പാഠത്തിന്റെയും പ്രസക്തി നിശ്ചയിക്കുന്നതും.

കവിതയെക്കുറിച്ചുള്ള തന്റെ സങ്കല്പങ്ങൾ ഇടശ്ശേരി ഇപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

"നിത്യതരുണിയാണ് കവിത. ഇതരസാഹിത്യശാഖകളിൽനിന്നും അവൾ ഭിന്നപ്രകൃതയാണ്. ചെറുകഥകളെപ്പോലെ പൊട്ടിത്തെറിച്ചല്ല. നോവലുകളെപ്പോലെ വാചാലയല്ല. നാടകത്തെപ്പോലെ പ്രകടഭാവഹാവങ്ങളോടുകൂടിയ പ്രൗഢയുമല്ല. കുറച്ചധികം അടക്കവും ഒതുക്കവും കാണിക്കുകയും, സവിശേഷ പരിഗണന അർഹിക്കുകയും ചെയ്യുന്ന ഒരോമനത്തമാണ് കവിത. പക്ഷേ, അവൾ കൊഞ്ചുന്ന വിഡ്ഢിത്തങ്ങൾ കേൾക്കാൻ തത്വജ്ഞാനികൾ ചെവി കൂർപ്പിക്കുന്നു. ജീവിതായോധനത്തിനിറങ്ങുന്നവർക്ക് അവൾ വീരകൃപാണമാണ് മുറിപ്പെട്ട് തിരിച്ചെത്തുന്നവർക്ക് അമൃതബിന്ദുവും."

(കവിത എന്റെ സങ്കല്പത്തിൽ - കുങ്കുമപ്രഭാതം)

ഇടശ്ശേരിയുടെ ചില കവിതകൾ, ഈ സങ്കല്പത്തോട് നീതിപുലർത്തുന്നുണ്ടെങ്കിലും, 'പുത്തൻകലവും അരിവാളും' ഈ ഗണത്തിൽപെടുന്നില്ല. ആഴത്തിൽ ആഘാതമേല്പിക്കുന്ന പൊട്ടിത്തെറിയും അർഥപൂർണവുമായ വാചാലതയും ഭാവസമീകരണത്തിൽ നാടകത്തെ കവച്ചുവയ്ക്കുന്ന മുഹൂർത്തങ്ങളും ഈ കവിതയുടെ സവിശേഷതയാണ്. പരുക്കൻ പ്രകൃതത്തിൽപെട്ട ഈ കവിതയിലെ വരികൾ ഒന്നുപോലും ഓമനത്തം തുളുമ്പുന്നവയല്ല. തത്വജ്ഞാനികളോടു മാത്രമല്ല സാമാന്യജനതയോടും സാർഥകമായി സംവദിക്കുന്നവയാണ് ഇതിലെ പദസംഘാതങ്ങളും ബിംബകല്പനകളും. സങ്കല്പവും യാഥാർഥ്യവും തമ്മിലുള്ള ഈ അകൽച്ചയുടെ വിടവിലൂടെ നമുക്ക് പുതിയ അർഥതലങ്ങളിലേക്ക് കടന്നുചെല്ലാം.

## IV

പ്രകൃതി, പ്രതികൂല കാലാവസ്ഥ, സമൂഹം സൃഷ്ടിച്ച പ്രാതികൂല്യങ്ങൾ എന്നിവയുമായി കലഹിച്ചു വളർന്നവനാണ് മനുഷ്യൻ. അവന്റെ പ്രതിനിധി തന്നെയാണ് കോമൻ. വിത വളരുന്ന പാടം ജീവിതത്തിന്റെ പരിച്ഛേദവുമാണ്. കതിരണിഞ്ഞുകിടക്കുന്ന വിളഭൂമിയിൽ അധികാരം നടത്തിയ കൊയ്ത്ത് മാനവരാശിയുടെ സത്തയുടെ നേരെ സദാ നടന്നുകൊണ്ടിരിക്കുന്ന കയ്യേറ്റവുമാണ്.

മേലെ തീമഴ, താഴെ ചെങ്കനൽ മിനകൊടും വെയിൽ എന്നീ പ്രതീകങ്ങൾ കത്തിജ്വലിക്കുന്ന ഭൂമിയുടെ ആദ്യദിനങ്ങളെ ഓർമിപ്പിക്കുന്നു. പഞ്ചാഗ്നി മധ്യത്തിൽ തപംചെയ്തതിനോടൊപ്പം, പഞ്ചഭൂതങ്ങളോടു സമരസപ്പെട്ടതും പ്രാഗ്ചരിത്രത്തിലെ തേജസ്സുററ രംഗമാണ്. മനുഷ്യനും അവനോടിണങ്ങിയ വളർത്തുമൃഗങ്ങളും പ്രകൃതിയോട് മല്ലടിച്ചതിന്റെ ചരിത്രമാണ്. പിഴുതുമാററുന്നവന്റെ സ്ഥാനത്താണ് കലയും സാഹിത്യവും നിലകൊള്ളുന്നത്. അടവുകളെല്ലാം പയററിയിട്ടും അരമുഴം മാറാത്ത 'പുൽചേരി'യോട് അടിപതറാതെ അങ്കം വെട്ടിനിൽക്കുന്നവനാണ് കലാകാരൻ.

"പൊള്ളുന്ന വേനലിൻ പിന്നാലെ വന്നു
പൊറുതികെടുത്തിയ പേമാരി..."

എന്ന വരികൾ ഒരു സാധാരണ വർഷാഗമത്തെയും, അതിന്റെ പൊറുതികേടുകളെയും മാത്രമാണോ ഓർമയിൽ കൊണ്ടുവരുന്നത്? ജലത്തെക്കുറിച്ചും മഴയെക്കുറിച്ചും പേമാരിയെക്കുറിച്ചും പ്രളയത്തെക്കുറിച്ചും ഉള്ള വേദപരാമർശങ്ങൾ സ്മൃതിപഥത്തിലെത്തുന്നു. 'കള്ളകതിർക്കുലകാമ്പോളം' എന്ന വരികൂടി ചേർത്തുവായിക്കുമ്പോൾ ജലം ബീജഭൂതം (Primordial element) എന്ന ഉൽപത്തി 1.2-ലെ സൂചന കൂടി നാം ഓർത്തുപോകുന്നു. ജലസ്രോതസ്സുകൾക്കരികിൽ രൂപംകൊണ്ട മതങ്ങൾക്കെന്നപോലെ. ജലദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ പ്രചാരത്തിലിരുന്ന മതങ്ങൾക്കും വെള്ളവും മഴയും ഒരു ഹരമായിരുന്നു. പ്രളയം ഭീതിജനകവും പ്രളയാവസാനം ധനധ്യാനസമ്പന്നമാകും എന്നുള്ള പ്രതീക്ഷയും വേദങ്ങളിൽ കാണാം. കോമൻ, കോമരമാകുന്ന അവസ്ഥയും ഇവിടെയാണ് ത്യാഗങ്ങളില്ലാത്ത നേട്ടങ്ങൾ ഉണ്ടാകുന്നില്ല എന്നുകൂടി ഇവിടെ നാം കാണുന്നു. വ്യക്തി, കുടുംബത്തിലെ ഘടകമാകുന്നതും, ചില ക്രമീകരണങ്ങൾക്കു വിധേയനാകുന്നതുമാണ് കവിതയുടെ നാലാംഖണ്ഡം. കുടുംബജീവിതത്തിന്റെ കൊഞ്ചികുഴയലാണ് ആരംഭത്തിലെങ്കിലും മോഹങ്ങളും പ്രതീക്ഷകളുമാണ് ജീവിതകാമനയുടെ തായ്‌വേര് എന്ന ഓർമപ്പെടുത്തൽ കൂടിയാണ് ഇവിടെ. വ്യക്തി സമൂഹജീവിയാകാൻ തുടങ്ങുന്നതിന്റെ ആദ്യപടിയിൽ ഉത്സവാഘോഷങ്ങളെ നമുക്കുകാണാം. പൊന്നോണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ തുടങ്ങി. ആസൂത്രണം എന്ന കാഴ്ചപ്പാടിലൂടെയാണ് കവിതയുടെ ഈ ഭാഗം മുന്നേറുന്നത്. ഓരോരുത്തരും തങ്ങളുടെ വീക്ഷണത്തിൽ നിന്നുകൊണ്ടാണ് സ്വത്തിന്റെ വിനിയോഗത്തെക്കുറിച്ച് പദ്ധതികൾ തയ്യാറാക്കുന്നത് എന്ന ആസുത്രണത്തിലെ പ്രതിസന്ധിയും ഇവിടെ കടന്നുവരുന്നു. "നാട്ടാരിൽ ചിലരേവം ചൊൽവതു കേൾക്കായി" എന്ന വരിയിൽ കാട്/നാട് പലർ/ചിലർ തുടങ്ങിയ ദ്വന്ദ്വബോധങ്ങളും കടന്നുവരുന്നു.

വിതച്ചതാര് കൊയ്തതാര്? എന്ന ചോദ്യം സമൂഹത്തെ സദാ അലട്ടുന്ന ചോദ്യങ്ങളിലൊന്നാണ്. ഈ ചോദ്യത്തിന് കൃത്യമായ ഉത്തരം നമുക്കറിയാമെങ്കിലും പറയാൻ നാം മടിക്കുന്നതെന്താണ്? ഭരണകൂടം, നിയമം, നീതിനിർവഹണം മുതലായവയെല്ലാം നമുക്കുമീതെ നാം തന്നെ എടുത്തുവച്ച ചില ബാധ്യതകളാണ്. ചില സാധ്യതകൾ കൂടി ഉള്ളതുകൊണ്ടാണല്ലോ ബാധ്യതകൾ ഏറെറടുക്കാൻ നാം തയ്യാറാവുന്നത്. ഗുണം ചുരുക്കം ചിലർക്കും ദോഷം ബഹുഭൂരിപക്ഷത്തിനും എന്ന കാലസത്വത്തെയാണ് ആറും ഏഴും ഖണ്ഡങ്ങൾ വരച്ചുകാണിക്കുന്നത്.

"വിത്തുവിതച്ചോൻ കാണട്ടെ, വിള-
കൊയ്ത്തു നടത്തീ ജന്മിത്തം"
എന്ന വരികളേക്കാൾ പതിന്മടങ്ങു ശക്തി
"ഉണ്ണാനുള്ളൊരു ചോറ്റിൽ പട്ടികൾ
നിന്നുചിലപ്പതു കണ്ടാലോ."
എന്ന വരികൾക്ക് അനുഭവപ്പെടുന്നു.
"കൽപനയുണ്ടു കളിക്കേണ്ടന്നൊരു
ശബ്ദം പൊങ്ങിവരമ്പിൻമേൽ
കാൽപായക്കടലാസ്സുനിവർത്തി
കയ്യിലുയർത്തികാണിച്ചേ
അമീൻ നിൽപൂ, നിലംപരിശാക്കി
പ്പൊന്തിയ കള്ളിത്തലപോലെ"

കൽപനയോട് കളിക്കാനാവാതെ, നിസ്സഹായനായി നിൽക്കുന്ന കോമൻ കുറ്റിക്കിട്ട ഗജമാണ്. ആ തുടലൊന്നുപൊട്ടിയാൽ ഭൂമിയുടെ ആർദ്രത ഊറ്റിക്കുടിച്ച് നിലം 'പരിശാ'ക്കുന്ന കള്ളിത്തലകളെ ചവിട്ടിമെതിക്കാനുള്ള കഴിവ് അവനുണ്ട്. ഈ കള്ളിത്തലകൾ പൊന്തുന്നതെവിടെ നിന്നാണെന്ന് കോമനറിയാം. 'അധികാരം കൊയ്യണമാദ്യംനാം' എന്ന ഈ കണ്ടെത്തലിലാണ് ഈ കവിത അവസാനിക്കുന്നതും.

## V

1952ൽ ഇടശ്ശേരി എഴുതിയ 'കുടിയിറക്കൽ' എന്ന കവിത ഇതേ പ്രശ്നത്തെ കൂടുതൽ വിശാലമായ ഒരു വീക്ഷണത്തിൽ നിന്നുകൊണ്ട് അവതരിപ്പിക്കുന്നു. സ്വകാര്യസ്വത്ത് എന്ന സങ്കൽപനം വളർന്ന് എവിടെ എത്തിനിൽക്കുന്നുവെന്ന് ഇടശ്ശേരി വിശദീകരിക്കുന്നു:

"ഉടമസ്ഥൻ ഉടമസ്ഥൻ ഒരുതരി മണ്ണിനു-
മുടമസ്ഥനുണ്ടിപ്പരന്നപാരിൽ
കഴൽവെപ്പുതാങ്ങേണ്ടുമൊരു പിടിമൺപോലും
കടമായിട്ടല്ലയോ കൈവരുന്നു"

എന്നതാണ് ആ ദുരന്തം.

രണ്ടു ലോകമഹായുദ്ധങ്ങളും തുടർന്നുണ്ടായ പങ്കുവയ്ക്കലുകളും ഇന്ത്യാവിഭജനവും അഭയാർഥി പ്രവാഹവും വർഗീയലഹളകളും എല്ലാം മനസ്സിൽവച്ച് ഇനി പറയുന്ന വരികൾ കൂടി നമുക്ക് ചേർത്തുവായിക്കാം.

"കുടിയിറക്കപ്പെടും കൂട്ടരെ പറയുവിൻ
പറയുവിൻ ഏതു രാഷ്ട്രക്കാർ നിങ്ങൾ?
പ്രസവിച്ചതിന്ത്യയായ് പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനും, ഉടമയില്ലാത്തഭൂ-
പടമേലും പാഴ്വരയ്ക്കർഥമുണ്ടോ?"

അധികാരത്തിന്റെ നീരാളിക്കൈകൾ എവിടെയെല്ലാം വ്യാപിച്ചു കിടക്കുന്നു എന്നും, വിളജപ്തി, കുടിയിറക്കൽ തുടങ്ങിയവയുടെ വലിയ രൂപങ്ങളാണ് യുദ്ധങ്ങളും കൈയേററങ്ങളുമെന്നും കവി കരുതുന്നു.

"എവിടെവിടങ്ങളിച്ചട്ടിപുറത്തെടു-
ത്തെറിയപ്പെടുന്നുണ്ടീപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകൊ-
ന്നിവരുടെ രാഷ്ട്രത്തിന്നതിർവരകൾ"

ഈ പുതിയ ഭൂപടം സൃഷ്ടിക്കുന്നവർ ആരെന്ന് ഇടശ്ശേരിക്കറിയാം.

ഭൂദാനപ്രസ്ഥാനം എന്ന ആശയം ഇന്ത്യയിൽ പ്രചരിക്കുന്ന കാലത്താണ് കൂട്ടുകൃഷി എന്ന നാടകം രംഗവേദിയിലെത്തുന്നത്. 'മറെറാരു കന്യാദാനം' (1953) എന്ന കവിത ഈ ഇതിവൃത്തത്തിന്റെ കാവ്യാവിഷ്കരണവുമാണ്. ഭൂപ്രശ്നത്തെക്കുറിച്ച് ഇടശ്ശേരിയുടെ വീക്ഷണത്തിലുള്ള ദൗർബല്യങ്ങൾ കൂട്ടുകൃഷിയുടെ അവതാരികയിൽ എൻ.വി. കൃഷ്ണവാരിയർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

"ജന്മി സ്വമേധയാ ജന്മാവകാശം ഒഴിയുക, ബുദ്ധിമാന്മാരായ കുടിയാൻമാർ സ്വമേധയാ സഹകരിച്ച് കൃഷി തുടങ്ങിക. അവരുടെ ഉദാഹരണം കണ്ട് മറ്റുള്ളവർ കൂടി സംഘർഷത്തിന്റെ ഇടവഴികൾ വിട്ട് സഹകരണത്തിന്റെ രാജപാതയിലേക്ക് കാലക്രമേണ വന്നെത്തിക്കൊള്ളും. ഇതാണ് ഈ പ്രശ്നത്തിനു ഇടശ്ശേരി ചൂണ്ടിക്കാട്ടുന്ന പരിഹാരം. ഇതുണ്ടാവുമോ? "നമ്മുടെ അനുഭവം ഇല്ല എന്ന ഉത്തരം നിസ്സംശയം നൽകുന്നു" എൻ.വി. ഇവിടെ അവസാനിപ്പിക്കുന്നില്ല.

"...പരസ്പര മാത്സര്യത്തിൽ അടിയുറച്ച മുതലാളിത്ത സാമ്പത്തിക ഘടന സർവശക്തവും അനിയന്ത്രിതവുമായി വാഴുന്ന കാലത്തോളം, സഹകരണത്തിനുള്ള അസംഘടിതപരിശ്രമങ്ങൾ വെറും കോപ്രാട്ടി'കൾ സൃഷ്ടിക്കുന്നതിനേ മതിയാവുകയുള്ളൂ. മുതലാളിത്തത്തിന്റെ നഷ്ടാവശിഷ്ടങ്ങൾക്കുമേൽ മാത്രമേ സോഷ്യലിസം - സഹകരണോല്പാദനം - കെട്ടിപ്പടുക്കാനാവൂ. ഈ സ്ഥിതിക്ക് ഇടശ്ശേരിയുടെ ഗാന്ധിയൻ സാമ്പത്തികാദർശങ്ങളോട് യോജിക്കുവാനെനിക്ക് സാധിക്കുന്നില്ല."

അസ്വസ്ഥതയുണ്ടാക്കാവുന്നവയാണെങ്കിലും ചില സത്യങ്ങളോടുകൂടി ഇടശ്ശേരി പൊരുത്തപ്പെടാനുണ്ടെന്ന് എൻ.വി. ഓർമിപ്പിക്കുന്നു. ആ ഒരർഥത്തിൽ 'കുടിയിറക്കൽ' എന്ന കവിത 'പുത്തൻകലവും അരിവാളും' എന്ന കവിതയുടെ തുടർച്ചയും കൂട്ടുകൃഷി എന്ന നാടകം ഇടർച്ചയുമാണ്.

## VI

എങ്കിൽ 'പുത്തൻകലവും അരിവാളും' എന്ന കവിത ഇന്ന് ഓർമിപ്പിക്കുന്നതെന്താണ്? പുതിയ ചൂഷണ പദ്ധതികളുമായി അധികാരം തേർവാഴ്ച നടത്തുമ്പോൾ വിതച്ചതാര്? കൊയ്തതാര് എന്ന ചോദ്യം ലോകത്താകെ മുഴങ്ങുന്നു. ഏതൊരു ജനകീയ പ്രതിരോധവും ഇതിന്റെ ഉത്തരം തേടലുമാണ്. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ പരമോന്നതഘട്ടമാണ് എന്ന ലെനിനിസ്റ്റ് കാഴ്ചപ്പാട് തീക്ഷ്ണാനുഭവങ്ങളോടെ ലോകം തിരിച്ചറിയുന്നു. സാമ്രാജ്യത്വം അതിന്റെ സാമ്പത്തിക സാരാംശത്തിൽ, കുത്തകമുതലാളിത്തമാണെന്നും അതിന്റെ കടന്നുവരവ് വ്യത്യസ്ത രൂപങ്ങളിലാണെന്നും ലെനിൻ ഓർമിപ്പിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകത്തുണ്ടായ എല്ലാ വികസന ചിന്തയും അവയുണ്ടാക്കിയ പുരോഗതിയും തങ്ങൾക്കനുകൂലമാക്കാൻ ഇത്തരം

ശക്തികൾ ശ്രമിക്കുന്നു. എല്ലാ വിളഭൂമികളിലും ഇവർ കണ്ണുവയ്ക്കുന്നു. യുദ്ധാനന്തരം ലോകത്താകെ പുരോഗമന ആശയഗതി വിതച്ചവിത്തിന്റെ സദ്ഫലം– വിദ്യാഭ്യാസ ബോധത്തിൽ, ആരോഗ്യചിന്തയിൽ, ഉല്പാദന പ്രക്രിയയിൽ– ഇന്ന് കൊയ്യുന്നതാരാണ് എന്ന ചിന്തകൂടി മനസ്സിൽ വച്ച് ‘പുത്തൻകലവും അരിവാളും’ എന്ന കവിത വായനക്കാരന് പുതിയ അനുഭവം നൽകുന്നു. ജന്മിയുടെയും അമീന്റേയുമൊക്കെ സ്ഥാനത്ത് നിൽക്കുന്നവരുടെ രൂപഭാവങ്ങൾ മാറിയിട്ടുണ്ടെന്നുമാത്രം രാഷ്ട്രീയം ഒരു ‘കുടുക്കുമസാല’യാണെന്നും, അതിൽപെട്ടുപോയാൽ വലിയ ഹൃദയം കൈമോശം വരുമെന്നും ഇടശ്ശേരി ഭയപ്പെട്ടിരുന്നു. (‘കൂട്ടുകൃഷി’ നാടകത്തിന്റെ സമർപണം നോക്കുക). ആ ഭയം അസ്ഥാനത്താണെന്നതിന് നല്ലൊരുദാഹരണം ഇടശ്ശേരി തന്നെയല്ലേ? ആ തർക്കത്തിലേക്ക് ഇപ്പോൾ കടക്കേണ്ടതില്ല. ആർച്ചി ബാൾഡ് മക്ക്‌ലിഷിന്റെ ഒരു നിഗമനത്തിൽ ഈ ചിന്ത അവസാനിപ്പിക്കട്ടെ. ‘A poem should not mean, but be’ (കവിത എന്തെങ്കിലും അർഥമാക്കുകയല്ല അതാകുകയാണ് ചെയ്യേണ്ടത്).